(ബി) ഏറ്റെടുത്ത റോഡുകൾ പുനർ നിർമ്മാണം ചെയ്യാൻ ശദ്ധിക്കുമോ?

മരാമത്തും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. കെ. പങ്കജാക്ഷൻ): (എ) റോഡ് ഗവൺമെൻറിലേക്ക് എടുക്കുന്നതിനു നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്കു വിധേയമായി പിന്നോക്ക പ്രദേശങ്ങളിലെ റോഡുകൾക്ക് മുൻഗണന നൽകാറുണ്ട്.

(ബി) സാമ്പത്തിക ലഭ്യതയനുസരിച്ച് ഏറ്റെടുക്കുന്ന റോഡുകൾ പുനർനിർമ്മാണം ചെയ്യാറുണ്ട്.

ഇ. എസ്. ഐ. സ്കീം

*363 [382] ശ്രീ. ചടയൻ ഗോവിന്ദൻ:

,, പി. ആർ. ശിവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും ഭവന നിർമ്മാണവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ. എസ്. ഐ. സ്കീമിൽ കേരളത്തിൽ എത്രപേർ അംഗങ്ങളായിട്ടുണ്ട്;

(ബി) ഈ സ്കീമിൻെറ പോരായ്മകളെ സംബന്ധിച്ച് ഗവൺമെൻറിനു വല്ല പരാതികളും ലഭിച്ചിട്ടുണ്ടോ;

(സി) രോഗികൾക്ക് ആവശ്യമുള്ള എല്ലാ മരുന്നുകളും നൽകാൻ ഈ എസ്. ഐ. സ്കീമിൽ വ്യവസ്ഥയുണ്ടോ;

(ഡി) ഇല്ലെങ്കിൽ ഈ ക്രമക്കേട് മാറ്റി രോഗം മാറുന്നതിനാവശ്യമുള്ള എല്ലാ മരുന്നുകളും ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

തൊഴിലും ഭവന നിർമ്മാണവും വകുപ്പു മന്ത്രി (ശ്രീ. എം.കെ. രാഘവൻ): (എ) 3,41,287 പേർ.

(ബി) ഉണ്ട്.

(സി) മരുന്ന് ലഭ്യമാണെങ്കിൽ നൽകാൻ വ്യവസ്ഥയുണ്ട്.

(ഡി) പല കാരണങ്ങൾകൊണ്ടാണ് ചില സന്ദർഭങ്ങളിൽ മരുന്നുകൾ ലഭ്യമല്ലാതെ വരുന്നത്. എല്ലാ മരുന്നുകളും ലഭ്യമാകുന്നതിനു വേണ്ടി ഡിപ്പാർട്ടുമെൻറ് കഴിവതും പരിശ്രമിക്കുന്നുണ്ട്.

റെഡിമെയിഡ് ഡ്രസ്സുകൾ കയറ്റി അയക്കുന്നതിൽ ഏർപ്പെടുത്തിയിരിക്കുന്ന കോട്ടാ സമ്പ്രദായം

*364 [384] ശ്രീ. എൻ. ഭാസ്കരൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധയിനം റെഡിമെയിഡ് ഡ്രസ്സുകൾ കയറ്റി അയക്കുന്നതിൽ ഇപ്പോൾ ഏർപ്പെടുത്തിയിരിക്കുന്ന കോട്ടാ സമ്പ്രദായം കേരളത്തിലെ കൈത്തറി വ്യവസായത്തെ പ്രതികൂലമായി ബാധിക്കുമെന്ന വസ്തുത ഗവൺമെൻറിൻെറ ശദ്ധയിൽപെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly